(ഇ) ഇതിനുകാരണക്കാരായവരിൽനിന്നും നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടോ;

(എഫ്) ഈടാക്കുന്നതിന് നിശ്ചയിച്ച നഷ്ടപരിഹാര തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) & (ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) & (എഫ്) ചോദ്യം ഉദിക്കുന്നില്ല.

ജനറേറ്ററുകളുടെ അറ്റകുറ്റപണികൾ

29 [2779] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം വൈദ്യുതപദ്ധതി എന്നാണ് കമ്മീഷൻ ചെയ്തത്; എത്ര ശേഷിയുള്ള ജനറേറ്ററുകളാണ് അവിടെ സ്ഥാപിച്ചിട്ടുള്ളത്;

(ബി) ഈ ജനറേറ്ററുകൾക്ക് അറ്റകുറ്റപണികൾ ക്രമരഹിതമായിവേണ്ടി വരുന്നുണ്ടോ;

(സി) അറ്റകുറ്റപണിയുടെ ഭാഗമായി ഇതുവരെ ജനറേറ്ററുകൾ ഓഫ് ചെയ്യേണ്ടിവന്നത് എത്ര സമയത്തേക്കാണെന്ന് വ്യക്തമാക്കുമോ;

(ഡി) ബ്രഹ്മപുരം വൈദ്യുതപദ്ധതിയുടെ എല്ലാ യന്ത്രങ്ങളും പൂർണ്ണ തോതിൽ പ്രവർത്തിച്ചാൽ ഒരു വർഷം എത്ര വൈദ്യുതി ലഭ്യമാകും; ഇക്കഴിഞ്ഞ വർഷം എല്ലാ യന്ത്രങ്ങളും പൂർണ്ണതോതിൽ പ്രവർത്തിച്ചിട്ടുണ്ടോ;

(ഇ) യന്ത്രം ബ്രേക്ക്ഡൗൺ ആയതുമൂലം ബ്രഹ്മപുരത്തിലേതിനെക്കാൾ ഉയർന്ന വിലയുള്ള വൈദ്യുതി വാങ്ങേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ അതുമുഖേനയും പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കാതിരുന്നതുമൂലവും എത്രകോടി രൂപയുടെ നഷ്ടം ബോർഡിന് വരുകയുണ്ടായി?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബ്രഹ്മപുരം വൈദ്യുതപദ്ധതിയുടെ ആദ്യയൂണിറ്റ് 6-5-1997-ൽ കമ്മീഷൻ ചെയ്തു. 20 മെഗാവാട്ട് ശേഷിയുള്ള ജനറേറ്ററുകളാണ് സ്ഥാപിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) 1997-1998 മുതൽ 2004-2005 വരെ 85676 മണിക്കൂർ സമയം അറ്റകുറ്റപണികൾക്കായി ഓഫ് ചെയ്യേണ്ടി വന്നിട്ടുണ്ട്.

(ഡി) 600 മില്ല്യൺ യൂണിറ്റ്. കഴിഞ്ഞ വർഷം പൂർണ്ണതോതിൽ പ്രവർത്തിച്ചിട്ടില്ല.

(ഇ) ഇല്ല.

പണിനടന്നുകൊണ്ടിരിക്കുന്ന വൈദ്യുത പദ്ധതികൾ

30 [2780] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ പണിനടന്നുകൊണ്ടിരിക്കുന്ന വൈദ്യുത പദ്ധതികൾ ഏതെല്ലാം;

(ബി) അവയിലൂടെ എത്ര വൈദ്യുതി കൂടുതൽ ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പുതിയ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) — (സി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. †

(ഡി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. †

പ്രസ്തുത ലിസ്റ്റിൽ പ്രതിപാദിച്ചതിനുപുറമേ സ്വകാര്യമേഖലയിൽ നടപ്പിലാക്കാനായി 61 ചെറുകിട ജലവൈദ്യുതപദ്ധതികളുടെ ശുപാർശകളിൻമേൽ നടപടികളെടുക്കുകയും ഇതുവരെ 46.25 മെഗാവാട്ടിന്റെ 12 പദ്ധതികൾ അലോട്ട് ചെയ്യുകയുമുണ്ടായി.

---

† അനുബന്ധം VIII, VIII A.

LIBRARY ARCHIVES Kerala Legislative Assembly